**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 32** **08-10-2024 - ൽ മറുപടിയ്ക്ക്**

**സ്വർണ്ണ കച്ചവടത്തിലെ നികുതി ചോർച്ച തടയാൻ ഇ-വേ ബിൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. ചാണ്ടി ഉമ്മൻ,<br>ശ്രീ. ടി. ജെ. വിനോദ്** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സ്വർണ്ണ കച്ചവടത്തിൽ നിന്ന് വൻതോതിൽ നികുതി ചോരുന്ന സാഹചര്യത്തിൽ, ബിസിനസ്-ടു-ബിസിനസ് സ്വർണ്ണ ഇടപാടുകൾക്ക് ഇ-വേ ബിൽ ഏർപ്പെടുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനു കാലതാമസം വരുത്തുന്നതിനുള്ള കാരണം വ്യക്തമാക്കുമോ; | (എ) | 50-ാമത് ജി എസ് ടി കൗൺസിലിന്റെ റെക്കമെൻഡേഷൻ അനുസരിച്ച് എച്ച്.എസ്.എൻ ചാപ്റ്റർ 71-ന് കീഴിൽ വരുന്ന സ്വർണത്തിന്റെയും വിലയേറിയ രത്നങ്ങളുടെയും ചരക്കുനീക്കങ്ങൾക്കു ഇ-വേ ബിൽ നടപ്പാക്കുന്നതിനു തീരുമാനിക്കുകയും തുടർന്ന് ചട്ടം 138F ഉൾപ്പെടുത്തികൊണ്ടുള്ള ചട്ട ഭേദഗതി കേന്ദ്ര വിജ്ഞാപനം 2023 ഓഗസ്റ്റ് 4 ലെ നോട്ടിഫിക്കേഷൻ നം. 38/ 2023 - സെൻട്രൽ ടാക്സ് പ്രകാരം സി ജി.എസ്.ടി റൂളിലും 30-09-2023 ലെ എസ്. ആർ. ഓ 1062/2023 പ്രകാരം എസ്.ജി.എസ്.ടി റൂളിലും കൊണ്ടുവന്നിട്ടുണ്ട്. ഇതുപ്രകാരം എച്ച്.എസ്.എൻ ചാപ്റ്റർ 71-ന് കീഴിൽ വരുന്ന സ്വർണത്തിന്റെയും വിലയേറിയ രത്നങ്ങളുടെയും സംസ്ഥാനത്തിനുള്ളിൽ നടക്കുന്ന രണ്ടു ലക്ഷമോ അല്ലെങ്കിൽ രണ്ടു ലക്ഷത്തിനു മുകളിൽ അതാതു സംസ്ഥാനങ്ങളിലെ, സെൻട്രലിന്റെയും, സ്റ്റേറ്റിന്റേയും നികുതി ഡിപ്പാർട്ട്മെന്റ് അതോറിറ്റികൾ സംയുക്തമായി തീരുമാനിക്കുന്ന തുകയ്ക്കോ വരുന്ന ഇടപാടുകൾക്ക് ഇ-വേ ബില്ലുകൾ ബാധകമാകുന്നതാണ്. കേന്ദ്ര ജി.എസ്.ടി അധികൃതരുമായി ചർച്ച ചെയ്ത് സംസ്ഥാനത്തിനകത്തുള്ള സ്വർണത്തിന്റെയും മറ്റു വിലയേറിയ രത്നങ്ങളുടേയും സംസ്ഥാനത്തിനകത്തുള്ള ചരക്കു നീക്കത്തിന് ഇ-വേ ബില്ല് ബാധകമാകുന്ന തുക എത്രയെന്നു തീരുമാനിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |

| | | | |
|---|---|---|---|
| (ബി) | ഈ കാര്യത്തിൽ കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് ലഭിച്ചതെന്നും അതിൽ നിശ്ചയിച്ചിരിക്കുന്ന തുക എത്രയാണെന്നും വിശദമാക്കുമോ; | (ബി) | 50-ാമത് ജി.എസ്.ടി കൗൺസിലിന്റെ റെക്കമെൻഡേഷൻ അനുസരിച്ച് എച്ച്.എസ്.എൻ ചാപ്റ്റർ 71-ന് കീഴിൽ വരുന്ന സ്വർണത്തിന്റെയും വിലയേറിയ രത്നങ്ങളുടെയും ചരക്കുനീക്കങ്ങൾക്കു ഇ-വേ ബിൽ നടപ്പാക്കുന്നതിനു തീരുമാനിക്കുകയും തുടർന്ന് ചട്ടം 138 F ഉൾപ്പെടുത്തികൊണ്ടുള്ള ചട്ട ഭേദഗതി കേന്ദ്ര വിജ്ഞാപനം 2023 ഓഗസ്റ്റ് 4 ലെ നോട്ടിഫിക്കേഷൻ നം.38/2023 – സെൻട്രൽ ടാക്സ് പ്രകാരം സി.ജി.എസ്.ടി റൂളിലും 30.09.2023 ലെ എസ്.ആർ.ഓ 1062/2023 പ്രകാരം എസ്.ജി.എസ്.ടി റൂളിലും കൊണ്ടുവന്നിട്ടുണ്ട്.ഇതുപ്രകാരം എച്ച്.എസ്.എൻ ചാപ്റ്റർ 71-ന് കീഴിൽ വരുന്ന സ്വർണത്തിന്റെയും വിലയേറിയ രത്നങ്ങളുടെയും സംസ്ഥാനത്തിനുള്ളിൽ നടക്കുന്ന രണ്ടു ലക്ഷമോ അല്ലെങ്കിൽ രണ്ടു ലക്ഷത്തിനു മുകളിൽ അതാതു സംസ്ഥാനങ്ങളിലെ, സെൻട്രലിന്റെയും, സ്റ്റേറ്റിന്റേയും നികുതി ഡിപ്പാർട്ട്മെന്റ് അതോറിറ്റികൾ സംയുക്തമായി തീരുമാനിക്കുന്ന തുകയ്ക്കോ മുകളിൽ മൂല്യം വരുന്ന ഇടപാടുകൾക്ക് ഇ-വേ ബില്ലുകൾ ബാധകമാകുന്നതാണ്. |
| (സി) | സ്വർണ്ണ വ്യാപാരികളുടെ ജി.എസ്.ടി റിട്ടേണിലെ വാർഷിക നീക്കിയിരിപ്പിന്റെ മുഖവില ഇൻകംടാക്സ് മാതൃകയിൽ യഥാർത്ഥ മാർക്കറ്റ് വില അനുസരിച്ച് ഫസ്റ്റ് ഇൻ ഫസ്റ്റ് ഔട്ട് രീതിയിൽ പരിഷ്കരിക്കാൻ ജി.എസ്.ടി കൗൺസിലിൽ ആവശ്യപ്പെടുമോ; വ്യക്തമാക്കുമോ? | (സി) | വാർഷിക നീക്കിയിരിപ്പിന്റെ മുഖവില തീരുമാനിക്കപ്പെടുന്നതു ജി എസ് ടി നിയമത്തിന്റെ പരിധിയിൽ വരുന്ന വിഷയമല്ല. |

സെക്ഷൻ ഓഫീസർ